# പാപം വിതയ്ക്കുന്ന വിനാശം

പക്ഷികളും മൃഗങ്ങളും കായ്കൾ തിന്നിട്ട് കളയുന്ന വിത്തുകളിൽ നിന്നാണ് ആൽ വൃക്ഷം കിളിർക്കുന്നത്.വൃക്ഷങ്ങളുടെ പോടുകളിൽ വീഴുന്ന വിത്തുകൾ പോലും അവിടെ കിടന്ന് മുളച്ച് വളർന്ന് ,ആതിഥേയ വൃക്ഷത്തിൽനിന്നുതന്നെ അതിന്റെ വേരുകൾക്ക് താഴെ ഭൂമിയിലേക്ക് വളർന്ന് ഇറങ്ങുവാനുള്ള ശക്തിയുണ്ട് കൂടാതെ ശിഖരങ്ങളിൽ നിന്ന് വേരുകൾ പൊട്ടിമുളച്ച് വീട്ടും വീണ്ടും ഇത് പടരുന്നു. ഇങ്ങനെ വളരുന്ന ഒരു ആൽ മരത്തിന് ഒരു പ്രദേശം മുഴുവൻ വിസ്തൃമായിപന്തലിച്ച് മറ്റുവൃക്ഷങ്ങളെ നശിപ്പിക്കുവാൻ കഴിയും

ഇതുപോലെയാണ്പാപവും. ഊഹാപോഹങ്ങളും കുറ്റാരോപണങ്ങളും അപവാദങ്ങളും എത്രമാത്രം പടർന്ന് പിടിക്കുമെന്ന് നാം അറിയുന്നില്ല. അതിന്റെ പരിണിതഫലം ചിലപ്പോൾ ഈ പ്രവർത്തികൾ ചെയ്യുന്നവന്റെ തലമുറകളെ തന്നെ നശിപ്പിക്കുന്നതായിരിയ്ക്കും. ആരോപണം ഏൽക്കേണ്ടിവരുന്ന വ്യക്തി ദൈവാശ്രയമുള്ള ആൾ ആണെങ്കിൽ അത് ഒരിക്കലും അവനെ തകർക്കുകയില്ല. മറിച്ച് ദൈവത്തോട് അടുപ്പിയ്ക്കുകയോചെയ്യുകയുള്ളു. ഒരു മനുഷ്യൻരെ അഹങ്കാരത്തോടുകൂടിയവാക്കുകൾ പ്രവൃത്തികൾ അനേകരെ ദുഖത്തിലാഴ്ത്തുന്നു. അഹങ്കാരം മനുഷ്യഹൃദയത്തോട് ഏറ്റം പറ്റിയിരിയ്ക്കുന്ന പാപമാണ്.

വായനഭാഗത്തെ ദുരന്തത്തിന് കാരണം ഫറവോന്റെ അഹന്തയാണ് യഹോവയുടെ വാക്കുകേൾപ്പാൻ ഞാൻ ആർ ഞാൻ യഹോവയെ അറിയുന്നില്ല. (പുറ5.2)' ബാധകൾ ഓരോന്നായി വരുമ്പോൾ തന്റെ പാപം ക്ഷമിച്ച് ഈ ബാധയെ മാറ്റാൻ ദൈവത്തോടെ പ്രർത്ഥിപ്പാൻ മോശയെയും അഹറോനെയും വിളിപ്പിക്കും. വിടുതൽ ലഭിച്ചാൽ വീണ്ടും അവൻ വീണ്ടും തെറ്റുചെയ്യും. ഒരുവന്റെ അഹന്തമൂലം ഇവിടെ സംഭവിച്ചത് എത്രഭയങ്കരമായ ദുർവിധിയാണെന്ന് ശ്രദ്ധിക്കുക. മിസ്രയിം ദേശത്തിലെ ആദ്യ ജാതൻമാരെയും മൃഗങ്ങളുടെ കടിഞ്ഞുലുകളെയും യഹോവ സംഹരിച്ചു. മിസ്രയിം ദേശത്തിലെ വലിയ നിലവിളി ഭയാനകമായിരുന്നു. എന്നാൽ കുഞ്ഞാടിന്റെ രക്തം കട്ടളക്കാലിലും കുറുമ്പടിമേലും പുരട്ടി യിസ്രായേൽ മക്കളുടെ ഭവനങ്ങളെ ദൈവം സംഹാരകനിൽ നിന്ന് വിടുവിച്ചു. ഒരുവൻ ചെയ്ത പാപ കർമ്മത്തിന്റെ ഫലം മിസ്രയിം ദേശത്തേ തീരാദുഖത്തിലാഴ്ത്തി.

പ്രിയരേ നമ്മുടെ പ്രവർത്തികളെ സംസാരത്തെ ഒന്ന് വിചിന്തനം ചെയ്യുക. അത് മറ്റുള്ളവരെ വേദനിപ്പിക്കുന്നതായിരുന്നോ നിന്റെ പ്രവർത്തികൾ നിന്റെ തലമുറയ്ക്ക് ശാപം വരുത്തി വയ്ക്കുന്നതായിരുന്നോ .ജീവിതത്തെ ക്രമപ്പെടുത്തുവാൻ കുഞ്ഞാടിന്റെ രക്തത്തിൽ നിന്നെ തന്നെ കഴുകി ശുദ്ധിചെയ്യുക. നാവ് കൊണ്ട് പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്ന് സങ്കീർത്തനക്കാരനെ പോലെ നമുക്കും തീരുമാനം എടുക്കാം.



*Sis. Shanthamma Varghese*

**ശാന്തമ്മ വർഗീസ്**